

# മാതൃവാണി

ജനുവരി 2020

## വാർത്താപത്രിക

മലയാളവിഭാഗം, സെന്റ് അലോഷ്യസ് കോളേജ് എടത്വാ. 15/01/2019 -14/01/2020


## സന്ദേശം



മാതൃഭാഷ വികാരത്തിന്റെ ഭാഷയാണ്. വൈകാരികതലത്തെ സ്പർശിച്ചുണരുന്ന വൈജ്ഞാനിക വികാസം ഗാഢവും ദീപ്തവുമാണ്. കേവല വസ്തുതകളും അക്കങ്ങളും അപഗ്രഥിക്കുക മാത്രമല്ല വിദ്യാഭ്യാസ ലക്ഷ്യം. വൈകാരികവികസനവും വൈകാരിക വിമലീകരണവും വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമാണ് മനഃശാസ്ത്രപരവും വിദ്യാഭ്യാസപരവും താത്ത്വികവുമായ അനവധി അംശങ്ങൾ മാതൃഭാഷാ പഠനത്തെ സാധൂകരിക്കുന്നു. ഭാഷാ പഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഏറെ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന നമ്മുടെ കോളേജിലെ മലയാള വിഭാഗം ഒരു വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. ഇതിന് നേതൃത്വം കൊടുക്കുന്ന വകുപ്പുമേധാവി ഡോ. ജോമോൾ ജോസിനെയും ഫാക്കൽറ്റി അംഗങ്ങളായ സ്വാതി കെ.പി., ആൻ മരിയ സേവ്യർ എന്നിവരെയും അഭിനന്ദിക്കുത്തതിനും പ്രവർത്തനങ്ങൾക്ക് നാൾക്കുനാൾ അഭിവൃദ്ധിയുണ്ടാകട്ടെ എന്ന് ആശംസിക്കുന്നതിനും ഈ അവസരം വിനിയോഗിക്കുന്നു.

**ഡോ. ജോച്ചൻ ജോസഫ്**
**പ്രിൻസിപ്പാൾ**

## സന്ദേശം



നമ്മുടെ കോളേജിലെ മലയാള വിഭാഗം ഒരു വാർത്താ പത്രിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷം. മാതൃവാണി എന്ന് നാമകരണം ചെയ്തിരിക്കുന്ന ഈ പ്രസിദ്ധീകരണത്തിന് എല്ലാ ആശംസകളും നേരുന്നു. അതോടൊപ്പം മലയാള വിഭാഗത്തിന്റെ അദ്ധ്യക്ഷ ഡോ. ജോമോൾ ജോസിനും എല്ലാ അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ. മലയാള വിഭാഗം ചെയ്യുന്ന സേവനങ്ങളെ ഏറെ മതിപ്പോടെ വീക്ഷിക്കുന്നു.

*ശേഷം 2-ാം പേജിൽ....*



**വെരി റവ. ഫാ. മാത്യു ചൂരവടി**
**മാനേജർ**



**ഫാ. ബിജു കണ്ണാടിപ്പാറ**
**ബർസാർ**




കേരളസംസ്ഥാനത്തെയും ലക്ഷദ്വീപ്, മയ്യഴി, പുതുച്ചേരി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഔദ്യോഗിക ഭാഷയാണ് മലയാളം. ഇൻഡ്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇൻഡ്യയിലെ 22 ഔദ്യോഗിക ഭാഷകളിലൊന്നു കൂടിയാണിത്. മലയാളം എന്ന പദം ആരംഭത്തിൽ ദേശനാമം മാത്രമായിരുന്നു എന്ന് പണ്ഡിതമതം. മലയുടെയും ആഴ (സമുദ്ര) ത്തിന്റെയും ഇടയ്ക്ക് കിടക്കുന്നതിനാൽ മലയാഴം-മലയാളം എന്നും മലയോടു ചേർന്നുകിടക്കുന്ന അളം (ദേശം) മലൈഅളം-മലയാളം എന്നും ഒക്കെ ഭാഷാ നാമോൽപത്തി ചിന്തകൾ പലതുണ്ട്. ശ്രേഷ്ഠ ഭാഷാ പദവി കിട്ടുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം കേരള ഭാഷയുടെ ആദ്യകാല ആധികാരികഗ്രന്ഥങ്ങളിലൊന്നായ കേരള കൗമുദിയിൽ ഗ്രന്ഥകാരനായ കോവുണ്ണി നെടുങ്ങാടി മലയാളത്തിന്റെ പിതൃസ്ഥാനം സംസ്കൃതത്തിനും മാതൃസ്ഥാനം തമിഴിനും കൊടുക്കുന്നു. സാക്ഷാൽ സംസ്കൃതമാകുന്ന ഹിമവാങ്കൽനിന്ന് പുറപ്പെട്ട് ദ്രാവിഡ വാണിയാകുന്ന കാളിന്ദിയോടും അന്തർവാഹിനിയായി മറ്റൊരു ദ്രാവിഡമാകുന്ന സരസ്വതി നദിയോടും ചേർന്നിരിക്കുന്ന കേരളഭാഷയാകുന്ന ഗംഗ എന്റെ ഹൃദയമാകുന്ന സമുദ്രത്തിൽ നിരന്തരം പ്രവഹിച്ച് വിളയാടണം എന്നാണ് ഗ്രന്ഥകാരന്റെ പ്രാർത്ഥന.

ആര്യ ദ്രാവിഡ വാഗ്ജാതയാണ് കേരളഭാഷ. ദ്രാവിഡ ഗോത്രത്തിൽ നിന്ന് പിരിഞ്ഞ് കേരളത്തിലെ പ്രത്യേക പരിതസ്ഥിതികളിൽ രൂപം കൊണ്ട് വളർന്ന് തമിഴ് തെലുങ്ക്, കന്നട എന്നീ ഭാഷകളെപ്പോലെ തന്നെ വ്യക്തിത്വവും അതിൽ കുറയാത്ത പ്രാചീനതയും അവകാശപ്പെടാവുന്ന ഭാഷയാണ് മലയാളം. തുഞ്ചന്റെ തത്തയെ കൊഞ്ചിച്ചും കുഞ്ചന്റെ തുള്ളലിൽ മണി കൊട്ടിയും വളർന്നു വന്ന മലയാള ഭാഷയെ ആധുനിക മലയാളി അപമാനചിഹ്നമായി എണ്ണുന്നുവോ? അറിവും ആടലോടകവും മണക്കുന്ന പഴമൊഴികളുടെ നറുനിലാവ്

*ശേഷം 2-ാം പേജിൽ....*

*സന്ദേശം തുടർച്ച....*

മനുഷ്യവംശത്തിന് അവന്റെ സമസ്ത സാധ്യതകളെയും സ്വാധീനിക്കുവാൻ കഴിവുള്ള ശക്തമായ മാധ്യമമാണ് ഭാഷ. ഭാഷയുടെ വളർച്ച അത് ഉപയോഗിക്കുന്ന ജനവിഭാഗം ആ ഭാഷയോട് എത്രമാത്രം കൂറുപുലർത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. നാം ഉപയോഗിക്കുന്ന ഭാഷയിൽ പരിധി കഴിഞ്ഞ് അന്യഭാഷാ സങ്കലനം സംഭവിക്കുമ്പോൾ ആ ഭാഷയുടെ തനിമയ്ക്ക് അപചയം സംഭവിക്കും എന്ന കാര്യത്തിൽ സംശയമില്ല. കലർപ്പില്ലാത്ത ശുദ്ധമായ മലയാളം ഇന്ന് വിരളമായിരിക്കുന്നു. സർവ്വകലാശാലാ വിദ്യാഭ്യാസരംഗത്ത് മാതൃഭാഷ രണ്ടാംഭാഷയായി തരംതാഴ്ത്തപ്പെട്ടിരിക്കുന്നു.

മാതൃഭാഷ ഭരണഭാഷയാക്കി നിജപ്പെടുത്തിയിരിക്കുന്നത് നമ്മുടെ ഭാഷയുടെ പുനരുദ്ധാരണത്തിന് ഏറെ സഹായകമാകും എന്ന് പ്രത്യാശിക്കാം. ഔദ്യോഗിക രംഗങ്ങളിൽ പൂർണ്ണമായും മാതൃഭാഷയുടെ പ്രാധാന്യം ഉറപ്പിച്ചു കഴിയുമ്പോൾ ഭാഷയുടെ ആഭിജാത്യം വീണ്ടെടുക്കാൻ സാധിക്കും മാതൃഭാഷയുടെയും സാംസ്കാരത്തിന്റെയും വികാസത്തിനും പ്രചാരണത്തിനും മിക്ക രാജ്യങ്ങളും വളരെ പ്രാധാന്യം നൽകുമ്പോൾ കേരളത്തിൽ മാതൃഭാഷയെ പാർശ്വവത്കരിക്കുന്ന പ്രവണത അവസാനിക്കുക തന്നെ വേണം. ഒരു ജനതയെ തകർക്കാൻ അവരുടെ മാതൃഭാഷയെ തകർത്താൽ മതിയെന്ന് ടോയെൻബി നിരീക്ഷിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സാമൂഹിക, മാനസിക വികാസം പൂർണ്ണമാകുന്നതിന് മാതൃഭാഷാ പഠനം അനിവാര്യമാണ്. അത് അവരുടെ വ്യക്തിത്വത്തിന് ഓജസ്സും തേജസ്സും നൽകും. മാതൃഭാഷയുടെ ഉയിർത്തെഴുന്നേൽപിന് സാധ്യമായ രീതിയിലുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് എടത്വാ സെന്റ് അലോഷ്യസ് കോളേജ് മലയാളവിഭാഗം നേതൃത്വം നൽകട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.

**പ്രൊഫ. മാത്യു ഗ്രിഗറി**
വൈസ് പ്രിൻസിപ്പാൾ

*മുഖമൊഴി തുടർച്ച...*

പരത്തുന്ന അമ്പത്തൊന്നു കമ്പികളുള്ള വീണയാണ് മലയാള ഭാഷ എന്ന് മലയാളി എന്തേ തിരിച്ചറിയുന്നില്ല? മാറി വരുന്ന സാമൂഹിക സാംസ്കാരിക പരിതസ്ഥിതിയിൽ മാതൃഭാഷാ പഠനം അതീവ ഗൗരവമർഹിക്കുന്നു. ഭാഷ സംരക്ഷിച്ചില്ലെങ്കിൽ മലയാളി ഈ ലോക ഭൂപടത്തിൽ മേൽവിലാസമില്ലാതെ അലഞ്ഞു നടക്കുന്ന ഒരു കാലം അതിവിദൂരമല്ല ഈ സാഹചര്യത്തിൽ മലയാള ഭാഷാ ഉപയോഗപുരോഗമന പ്രവർത്തനങ്ങൾക്കും ഭാഷാ പഠനങ്ങൾക്കും ഏറെ പ്രാധാന്യമുണ്ടെന്ന് വിശ്വസിച്ചുകൊണ്ട് എടത്വാ സെന്റ് അലോഷ്യസ് കോളേജ് മലയാള വിഭാഗം പ്രസിദ്ധീകരിക്കുന്ന വാർത്താപത്രിക സഹൃദയ സമക്ഷം സാദരം സമർപ്പിക്കട്ടെ.

**ഡോ. ജോമോൾ ജോസ്**
മലയാളവിഭാഗം അധ്യക്ഷ

## മുൻ മേധാവിമാർ / അധ്യാപകർ


**പ്രൊഫ. മാത്യു ചാക്കോ**
(1965 - 1991)


**പ്രൊഫ. എ.വി.ശങ്കരനാരായണൻ**
(1980 - 2002)


**പ്രൊഫ. മോളിക്കുട്ടി ജോസഫ്**
(1979 - 2004)


**പ്രൊഫ. മാത്യു എം.**
(1987 - 2006)


**പ്രൊഫ. ജി. തുളസിയാമ്മ**
(1980 - 2008)


**പ്രൊഫ. തങ്കമ്മ തോമസ്**
(1980 - 2013)

## വായനാ പരിപോഷണ പ്രവർത്തനങ്ങൾ

**ജൂൺ 19 വായനാദിനം**
**(പി.എൻ. പണിക്കർ ചരമദിനം)**




ലൈബ്രറിയുടെയും മലയാള വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ **സമകാല വായനാ രീതികൾ – ഒരു വിലയിരുത്തൽ** എന്ന വിഷയത്തെ അധികരിച്ച് സെമിനാർ നടത്തപ്പെട്ടു. നയിച്ചത് : **ഡോ. സുനിൽ മർക്കോസ് പി.** (ഗവ. മോഡൽ എച്ച്.എസ്. എസ്. ആലപ്പുഴ) സന്ദേശം : **ഡോ. ജോച്ചൻ ജോസഫ്** (പ്രിൻസിപ്പാൾ) വിഷയാവതരണം : **കുമാരി ശിവദാ അജിത്ത്** (ബി.എസ്.സി. മാത്സ്, രണ്ടാംവർഷം)

## ജൂൺ 19–26 വായനാവാരം

വായനകൾ

| | | |
|---|---|---|
| ജൂൺ 19 | **ബൈബിൾ വായന** | **ബ്രദർ ജോജോ മാത്യു** (ബി.എ ഇംഗ്ലീഷ് രണ്ടാം വർഷം) |
| ജൂൺ 20 | **കെ.പി.കേശവമേനോന്റെ സായാഹ്നചിന്തകളിൽ നിന്ന്** | **ദേവിക ബിജു** (ബി.എസ്.സി. ഫിസിക്സ് രണ്ടാം വർഷം) |
| ജൂൺ 23 | **അരുന്ധതി റോയ് യുടെ യുദ്ധഭാഷണത്തിൽ നിന്ന്** | **അലൻ സെബാസ്റ്റ്യൻ** (ബി.കോം ടാക്സേഷൻ മൂന്നാം വർഷം) |
| ജൂൺ 24 | **എ.പി.ജെ. അബ്ദുൾ കലാമിന്റെ Igniting Minds ൽ നിന്ന്** | **കിരൺ തെരേസാ മാത്യു** (ബി.എസ്.സി. മാത്സ് രണ്ടാം വർഷം) |
| ജൂൺ 25 | **ഇസഡ്. എം. മുഴൂരിന്റെ ഗ്രീക്ക് പുരാണകഥാസാഗരം സുകുമാർ അഴീക്കോടിന്റെ അവതാരികയിൽ നിന്ന്** | **മിനു മാർട്ടിൻ** (ബി.എ. ഇക്കണോമിക്സ് മൂന്നാം വർഷം) |
| ജൂൺ 26 | **ഹെലൻ കെല്ലറുടെ My Story യിൽ നിന്ന്** | **ആഷ്റിൻ ജോസ്** (ബി.എ. ഇംഗ്ലീഷ് രണ്ടാം വർഷം) |

## ഭരണഭാഷാ – മാതൃഭാഷാ വാരാഘോഷം (നവംബർ 1 – 7)

വിഷയാവതരണം : **ഡോ. ജോച്ചൻ ജോസഫ്** (പ്രിൻസിപ്പാൾ), ദിനാചരണ പ്രസംഗം :**കുമാരി ആർളിൻ ജോസഫ്** (ബി.കോം. ടാക്സേഷൻ ഒന്നാംവർഷം), പ്രതിജ്ഞ നയിച്ചത് : **ഡോ. ജോച്ചൻ ജോസഫ്** (പ്രിൻസിപ്പാൾ)

### പ്രതിജ്ഞ

*മലയാളമാണ് എന്റെ ഭാഷ. എന്റെ ഭാഷ എന്റെ വീടാണ്*
*എന്റെ ആകാശമാണ്. ഞാൻ കാണുന്ന നക്ഷത്രമാണ്*
*എന്നെത്തഴുകുന്ന കാറ്റാണ്. എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർ വെള്ളമാണ്*
*എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്*
*ഏതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്*
*എന്റെ ഭാഷ ഞാൻ തന്നെയാണ്*

### പദശുദ്ധി – പരീക്ഷ വിജയികൾ

I. **രേഷ്മാ രവികുമാർ** (ബി.കോം ടാക്സേഷൻ ഒന്നാം വർഷം) II. **ആർളിൻ ജോസഫ്** (ബി.കോം ടാക്സേഷൻ ഒന്നാം വർഷം) III. **മീരാ സുരേഷ്** (ബി.കോം ടാക്സേഷൻ ഒന്നാം വർഷം) III. **ഡെൽറ്റാ വി. ദേവസ്യാ** (ബി.കോം ടാക്സേഷൻ ഒന്നാം വർഷം)



### മലയാള സമാജം

**മലയാളസമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ മലയാള ചെറുകഥാ സാഹിത്യ ക്വിസ് മത്സര വിജയികൾ**

1. **സുഫിനാ മോൾ** (ബി.എസ്.സി. സുവോളജി ഒന്നാം വർഷം) 2. **അനഘ ഡിക്സൺ** (ബി.എസ്.സി. സുവോളജി ഒന്നാം വർഷം) 3. **സ്വപ്നാ എസ്.** (ബി.എ. ഇംഗ്ലീഷ് ഒന്നാം വർഷം)

### ഇതര ഫാക്കൽറ്റി അംഗങ്ങൾ



**സ്വാതി കെ.പി.**
(അതിഥി അധ്യാപിക എയ്ഡഡ് വിഭാഗം)



**ആൻ മരിയ സേവ്യർ**
(അതിഥി അധ്യാപിക സ്വാശ്രയ വിഭാഗം)

### ഫാക്കൽറ്റി- നേട്ടങ്ങൾ

**ഡോ. ജോമോൾ ജോസ്**

I. ജേണൽ ഓഫ് ഡി.ബി.സി.റ്റി. വാല്യം 6(2) സെപ്റ്റംബർ 2019 ISSN 2348-7984 ലേഖനം – കെ.പി.കേശവമേനോനും എഫ്.എം.എസ്. നാടുകളിലെ സ്വതന്ത്രതാവാദങ്ങളും ബൈആന്വൽ മൾട്ടി ഡിസിപ്ലിനറി പ്രസിദ്ധീകരണം. ഡി.ബി. കോളേജ്, തലയോലപ്പറമ്പ്.

II. എം.ജി.യൂണിവേഴ്സിറ്റി സി.ബി.സി.എസ്. കസ്റ്റ്യൻ ബാങ്ക് സിലബസ് റൈറ്റ്.

1. ML4CCT04 മലയാള ഗദ്യരചനകൾ 2. ML2CCT08 കവിതയും നാടകവും 3. ML2CCT10 ഗദ്യ പരിചയം,
4. ML2CCT12 ഗദ്യം, യാത്രാ വിവരണം

## ലോക മാതൃഭാഷാ ദിനാചരണം – ഫെബ്രുവരി 21
### മത്സരവിജയികൾ

**കവിതാലാപനം**
1. **ജോമി തോമസ്** (ബി.കോം ടാക്സേഷൻ ഒന്നാം വർഷം)
2. **ജോസഫ് സേവ്യർ** (എം.കോം. രണ്ടാം വർഷം)

**കവിതാ രചന**
1. **സജിൻ തോമസ്** (എം.എസ്.സി. ഫിസിക്സ് ഒന്നാം വർഷം)
2. **എബിൻ മാത്യു** (എം.എസ്.സി. ഫിസിക്സ് രണ്ടാം വർഷം)

വിഷയാവതരണം : **പ്രൊഫ. ജറോം. പി.വി.** (വൈസ് പ്രിൻസിപ്പാൾ) ദിനാചരണ പ്രസംഗം : **കുമാരി ജാനറ്റ് ജോസ്** (ബി.കോം. ടാക്സേഷൻ ഒന്നാംവർഷം), പ്രതിജ്ഞ നയിച്ചത് : **പ്രൊഫ. ജെറോം പി.വി.**

## എൻഡോവ്മെന്റുകൾ

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യു.ജി. പാർട്ട് 2 മലയാളം പരീക്ഷകളിൽ (18 – 19) നമ്മുടെ കോളേജിൽ നിന്ന് ഏറ്റവും മികച്ച മാർക്ക് നേടുന്നവർക്കുള്ള ക്യാഷ് അവാർഡുകൾ കരസ്ഥമാക്കിയവർ.**

1. **ചേരിയിൽ ലക്ഷ്മിയമ്മ ആശാൻ എൻഡോവ്മെന്റ്** (ബി.എ./ ബി.എസ്.സി. 1- 4 സെമസ്റ്ററുകളിൽ മലയാളത്തിന് ഏറ്റവും ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥിക്ക്) **ലെസ്‌ലി അന്ന ഏബ്രഹാം** ബി.എസ്.സി. ഫിസിക്സ്
2. **പ്രൊഫ. തുളസിയാമ്മ ജി. എൻഡോവ്മെന്റ്** (ബി.എ/ബി.എസ്.സി 1- 2 സെമസ്റ്ററുകളിൽ മലയാളത്തിന് ഏറ്റവും ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥിക്ക്) **ക്ലയർ മേരി യോവാക്കീം** ബി.എസ്.സി. മാത്സ്
3. **പ്രൊഫ. തങ്കമ്മ തോമസ് എൻഡോവ്മെന്റ്** (മോഡൽ 1 ബികോം 1- 2 സെമസ്റ്ററുകളിൽ മലയാളത്തിന് ഏറ്റവും ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥിക്ക്) **മഞ്ജുക്കുട്ടി എം.എം**., ബി.കോം ടാക്സേഷൻ
4. **മിസ്സിസ് ആൻഡ് മിസ്റ്റർ ഗ്രിഗറി ജോസഫ് നാലുപുരയ്ക്കൽ മെമ്മോറിയൽ എൻഡോവ്മെന്റ്** (ബി.എ., ബി.എസ്.സി., ബി.കോം. മോഡൽ 1, 2 കോഴ്സുകളിൽ മലയാളത്തിന് ഏറ്റവും ഉയർന്ന ശതമാനം സ്കോർ നേടുന്ന വിദ്യാർത്ഥിക്ക്) **ലെസ്‌ലി അന്ന ഏബ്രഹാം** ബി.എസ്.സി. ഫിസിക്സ്.



**ലെസ്‌ലി അന്ന ഏബ്രഹാം**
ബി.എസ്.സി. ഫിസിക്സ്




**ക്ലയർ മേരി യോവാക്കീം**
ബി.എസ്.സി. മാത്സ്



**മഞ്ജുക്കുട്ടി എം.എം.**
ബി.കോം ടാക്സേഷൻ

## മലയാളവിഭാഗവും മാതൃഭൂമി ബുക്സും ചേർന്ന് നടത്തിയ 'അക്ഷരപ്പുലരി' ക്വിസ് മത്സരവിജയികൾ

**ഒന്നാം സ്ഥാനം**



**ഗൗരി കൃഷ്ണ എ., സുമി എസ്.കുമാർ**
ഡിപ്പാർട്ട് മെന്റ് ഓഫ് ഇക്കണോമിക്സ്

**രണ്ടാം സ്ഥാനം**



**സ്വാതി എസ്., പി. അരുന്ധതി നായർ**
ഡിപ്പാർട്ട് മെന്റ് ഓഫ് ഫിസിക്സ്